G2/14962/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 29.05.2020

**പരിപത്രം**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -കോവിഡ് 19 -ലോക്ക് ഡൗൺലോഡ് ന് ശേഷം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 1.ബഹു.കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദേശം
2. ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ, തീയതി 21.5.2020

*********

ലോകത്ത് പടർന്നുപിടിച്ച കൊറോണ വൈറസ് ബാധയെ തുടർന്ന് സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളും അടയ്ക്കുകയും ജാഗ്രത പാലിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ലോക്ഡൗൺ കാലഘട്ടം അവസാനിക്കാറായതിനാലും പുതിയ അധ്യായന വർഷം ആരംഭിക്കുന്നതിനാലും ആയതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് മേൽ സൂചന പ്രകാരം സർക്കുലർ നൽകിയിരുന്നു. പ്രത്യേക സാഹചര്യത്തിൽ ആരംഭിക്കുന്ന പുതിയ അധ്യയന വർഷത്തിൽ കുട്ടികൾക്കുള്ള ക്ലാസുകൾ നഷ്ടപ്പെടാതിരിക്കുന്നതിനും കോളേജുകൾ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നു.

**പൊതു നിർദേശങ്ങൾ**

1. പുതിയ അധ്യയന വർഷത്തിൽ, 2020 ജൂൺ ഒന്നിന് തന്നെ കോളേജുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കോളേജുകളുടെ പ്രവർത്തന സമയം 8.30 മുതൽ 3.30 വരെ ആയിരിക്കും.എന്നാൽ അദ്ധ്യയന സമയം 8.30 മുതൽ 1.30 വരെ ആയിരിക്കും.
3. റഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്നത് വരെ എല്ലാ കോളേജുകളിലും എല്ലാ അധ്യാപകരും അവരവരുടേതായ വിഷയത്തിൽ ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുന്നതതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപ്രകാരം ഓരോ കോളേജിലും ഓൺലൈൻ ക്ലാസെടുക്കുന്ന അധ്യാപകരുടെ പേര്, വിഷയം, എടുക്കുന്ന ടോപ്പിക്ക്, പങ്കെടുത്ത കുട്ടികളുടെ എണ്ണം, ഓൺലൈൻ ക്ലാസ് എടുക്കുവാൻ ഉപയോഗിച്ച സംവിധാനം, ഓൺലൈൻ ക്ലാസ് സംഘടിപ്പിക്കാത്ത അധ്യാപകരുടെ വിവരങ്ങൾ എന്നിവ അടങ്ങുന്ന വിശദമായ റിപ്പോർട്ട് എല്ലാ പ്രിൻസിപ്പൽമാരും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്.
4.ഏതെങ്കിലും അധ്യാപകർക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് കോളേജുകളിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ , അവർ ആയത് പ്രിൻസിപ്പലിനെ അറിയിക്കേണ്ടതും , അവരുടെ താമസ സ്ഥലത്ത് നിന്ന് തന്നെ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും ആണ്.അപ്രകാരം എത്തിച്ചേരാൻ കഴിയാതിരിക്കുന്ന അധ്യാപകരുടെ പേര് വിവരങ്ങൾ , എത്തിച്ചേരാൻ കഴിയാത്തതിന്റെ കാരണം, എന്നിവയും , നടത്തപ്പെടുന്ന ക്ലാസുകളുടെ വിവരം, വിഷയം,പങ്കെടുത്ത കുട്ടികളുടെ എണ്ണം എന്നിവ ക്രോഡീകരിച്ചും ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.
5.കഴിഞ്ഞ അധ്യയന വർഷത്തിലെ പാഠഭാഗങ്ങൾ പൂർത്തീകരിക്കുവാൻ ഉള്ള അധ്യാപകർ ആയത് സംബന്ധിച്ച് ഓൺലൈൻ ക്ലാസുകളും നടത്തേണ്ടത് ആണ്.അത്തരം ക്ലാസ്സുകൾ ക്രമീകരിക്കേണ്ടത് പുനഃക്രമീകരിച്ച അധ്യയന സമയമായ 1.30ന് ശേഷമുള്ള സമയത്തായിരിക്കണം.അപ്രകാരം നടത്തപ്പെടുന്ന ക്ലാസ്സുകളുടെ മേൽപ്പറഞ്ഞ വിവരങ്ങളും കോളേജ് വിദ്യാഭ്യാസ വകുപ്പിനെ കൃത്യമായി അറിയിക്കേണ്ടതാണ്.
6.ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുമ്പോൾ ഏതെങ്കിലും വിദ്യാർഥികൾക്ക് ആയത് പ്രയോജനപ്പെടുത്തുവാൻ സാങ്കേതികമായി കഴിയുന്നില്ല എങ്കിൽ അവർക്ക് അടുത്തുള്ള അക്ഷയ സെൻറർ ,

കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, ലൈബ്രറികൗൺസിൽ , എൽ.എസ്.ജി.ഡി ,മറ്റ് പ്രാദേശിക സൗകര്യങ്ങൾ ഒരുക്കുന്നത് ഉറപ്പ് വരുത്തുന്നതാണ്.

7. ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് അദ്ധ്യാപകർക്കുള്ള വിശദമായ മാർഗ്ഗ രേഖ അനുബന്ധം ചേർത്തിട്ടുണ്ട്.

8.ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ (പേര്, കോഴ്സ്, സെമസ്റ്റർ, ഫോൺ നമ്പർ, പഞ്ചായത്ത്, ജില്ല, എന്നിവ) കോളേജ് തലത്തിൽ ക്രോഡീകരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അറിയിക്കേണ്ടതാണ്.

9.ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ ആ വിവരം ബന്ധപ്പെട്ട എച്ച്.ഒ.ഡി യെ അറിയിക്കുന്നതിനാവശ്യമായ നിർദേശം വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

10.ടി സൗകര്യങ്ങൾ ഒന്നും തന്നെ പ്രയോജനപ്പെടുത്തുവാൻ കഴിയാത്തവർക്ക് മറ്റ് സൗകര്യങ്ങളായ റേഡിയോ , ടീവി എന്നിവയുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുമെങ്കിൽ ആയത് ആവശ്യമായ കുട്ടികളുടെ എണ്ണം , ഉപയോഗിക്കുവാൻ കഴിയുന്ന സംവിധാനം എന്നിവ സംബന്ധിച്ച വിശദ വിവരം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

10.എല്ലാ കോളേജുകളും ആവശ്യാനുസരണം മാസ്ക്, സാനിടൈസർ, തെർമൽ സ്കാനർ എന്നിവ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

11. ഓൺലൈൻ ക്ലാസ്സുകളുടെ സേവനം എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് പ്രിൻസിപ്പൽമാർ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടത് ആണ്.

**<u>വിദ്യാർത്ഥികൾക്കുള്ള നിർദേശങ്ങൾ</u>**

**(വിദ്യാർത്ഥികളെ അറിയിക്കുന്നതിന്)**

1.റഗുലർ ക്ലാസുകൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.ആയത് പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

2.ഓരോ വിദ്യാർത്ഥികൾക്കും ആവശ്യമായ മേൽ പറഞ്ഞിട്ടുള്ള സേവനം സംബന്ധിച്ച വിവരം അതാത് എച്ച്.ഒ.ഡി മാരെ അറിയിക്കേണ്ടതാണ്.

3.ഓരോ വിദ്യാർത്ഥികൾക്കും ആവശ്യമായതും ഉൾപ്പെടുത്തേണ്ടതുമായ സേവനം സംബന്ധിച്ച് പ്രിൻസിപ്പലിനെ അറിയിക്കാവുന്നതാണ്.

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 29.05.2020
Reason: Approved

*ഒപ്പ്/-*

**വിഗ്നേശ്വരി വി ഐ.എ.എസ്സ്**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1..എല്ലാ ഡി.ഡി.മാർക്കും.(പ്രൈവറ്റ് കോളേജുകളെ അറിയിക്കുന്നതിനായി )
2.എല്ലാ കോളേജ് പിൻസിപ്പൽമാർക്കും.
3.സിസ്റ്റം അഡ്മിൻ

**ഓൺലൈൻ ക്ലാസുകൾ എടുക്കുന്നതിനെ സംബന്ധിച്ച മാർഗരേഖ**

1. കോളേജ് തലത്തിൽ ജൂൺ ആദ്യവാരം മുതൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കാവുന്നതാണ്. സർവകലാശാല പരീക്ഷകൾ നടക്കുന്നതിനാൽ സൗകര്യപ്രദമായ പ്ലാറ്റ്ഫോമുകളിൽ അദ്ധ്യാപകർ ക്ലാസ് കൈകാര്യം ചെയ്യേണ്ടതാണ്.
2. ജൂൺ രണ്ടാം വാരം മുതൽ കോളേജ് വിദ്യാഭ്യാസവകുപ്പ് വികസിപ്പിച്ച നൽകുന്ന പ്ലാറ്റ്ഫോം ട്രയൽ റൺ നടത്തി പിഴവുകൾ ഒഴിവാക്കിയതിന് ശേഷം ഉപയോഗിക്കാവുന്നതാണ്. ഇത് എല്ലാ കോളേജുകൾക്കും ഏകികൃത സ്വഭാവമായുള്ള പ്ലാറ്റ്ഫോം ആയിരിക്കും.
3. വെർച്ചൽ ക്ലാസ്സ്റൂം സൗകര്യം നൽകുന്ന LMS ആയിരിക്കണം ഉപയോഗിക്കേണ്ടത്. Login credential നേടിയ ശേഷം അദ്ധ്യാപകന് e-content കൈകാര്യം ചെയ്യുന്ന ക്ളാസ്സുകളുടെ സ്വഭാവം അനുസരിച്ച സൗകര്യാർത്ഥം അപ്ലോഡ് ചെയ്യാവുന്നതാണ്.
4. ഡിപ്പാർട്ടമെന്റ് തലത്തിൽ ക്ലാസുകൾ നടക്കുന്നത് HOD ഉറപ്പുവരുത്തേണ്ടതും ഇക്കാര്യം ആഴ്ചയുടെ അവസാനം പ്രിൻസിപ്പലിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
5. ഓൺലൈൻ ക്ലാസുകൾ നടക്കുന്നു എന്നത് കോളേജ് പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്.
6. കോളേജ് തലത്തിൽ ഇക്കാര്യം ക്രോഡീകരിച്ച സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രിൻസിപ്പൽ ഇത് DCE ക്കു അയച്ചു കൊടുക്കേണ്ടതുമാണ്.
7. കോളേജ് തലത്തിൽ ഇതിനു വേണ്ട സാങ്കേതിക സഹായം ORICE നോഡൽ ഓഫീസർ, AIMS കൺവീനർ, വെബ്സൈറ്റ് ചുമതലയുള്ള അദ്ധ്യാപകൻ, IQAC കോർഡിനേറ്റർ അടങ്ങിയ ടെക്നിക്കൽ കമ്മിറ്റി നൽകേണ്ടതാണ്.
8. വിദ്യാർത്ഥികളുടെ അറ്റന്റൻസ് നിർബന്ധമായും ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തന്നെ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും HOD ക്കു നൽകേണ്ടതുമാണ്.
9. കോളജുകളുടെ പ്രവർത്തന സമയത്തു തന്നെ ക്ലാസുകൾ നടക്കുന്നു എന്നത് HOD ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ക്ലാസ് സമയം ക്രമീകരിക്കാവുന്നതാണ്.
10. മറ്റു ജില്ലകളിൽ താമസിക്കുന്ന അദ്ധ്യാപകർ ഗവണ്മെന്റ് നിർദേശപ്രകാരം വീട്ടിൽ ഇരുന്നു ഓൺലൈൻ ക്ലാസുകൾ കൈകാര്യം ചെയ്യാവുന്നതാണ്.
11. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ (പേര്, കോഴ്സ്, സെമസ്റ്റർ, ഫോൺ നമ്പർ, പഞ്ചായത്തു, ജില്ലാ, എന്നിവ) കോളേജ് തലത്തിൽ ക്രോഡീകരിച്ച DCE യെ അറിയിക്കേണ്ടതാണ് . ഇവർക്ക് ആവശ്യമായ ഓൺലൈൻ സൗകര്യം ലൈബ്രറി കൌൺസിൽ, LSGD, അക്ഷയ കേന്ദ്രം, കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, മറ്റു പ്രാദേശിക സൗകര്യങ്ങൾ വഴി DCE ഉറപ്പുവരുത്തുന്നതാണ്.
12. ഈ ക്രമീകരണം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഉള്ളതാണ് . ക്ളാസ്സുകൾ സാധാരണഗതിയിൽ ആവുന്ന മുറയ്ക്ക് യുജിസി, സർവകലാശാല മാനദണ്ഡങ്ങൾക്ക് അനുസരിച്ച ഈ സംവിധാനം അധിക പഠനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.
13. ഓൺലൈൻ ക്ലാസ്സുകളുടെ ഘടന താഴെ പറയുംപ്രകാരം ആകാവുന്നതാണ്
    a. കുട്ടികളുടെ Data പരിമിതി പരിഗണിച്ച വീഡിയോ സ്ട്രീമിംഗ് ദിവസം പരമാവധി രണ്ടു മണിക്കൂറായി ചുരുക്കേണ്ടതാണ്.
    b. ഒരു മണിക്കൂറിന്റെ ഒരു സെഷൻ സൗകര്യാർത്ഥം താഴെ പറയുന്ന വിധം ക്രമീകരിക്കുന്നത് നന്നായിരിക്കും.

| | | |
|---|---|---|
| 5 min | - | Login, Attendance |
| 30 min (or 15x2) | - | Video – Direct Lecturing, Evaluating Seminars |
| 15 min | - | Discussion/ Chat/ Quizzes |
| 10 min | - | Concluding the session, Extra materials, Resources, References |

14. ഓൺലൈൻ ക്ലാസ്സുകൾക്ക് വേണ്ടി സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കുമ്പോൾ, യുജിസി നിഷ്കർഷിക്കുന്ന 4 Quadrant Approach സ്വീകരിക്കാവുന്നതാണ്

*<u>4 Quadrants as per UGC norms</u>*

*The online learning shall have the following four quadrants 'approach', namely:-*

| | | |
|---|---|---|
| (a) | *Quadrant -I* | *i.e. e-Tutorial that shall contain - Video and Audio Contents, animation, simulations, virtual labs.* |
| (b) | *Quadrant -II* | *i.e. e-Content, that shall contain - Portable Document Format or e-Books or Illustration, video demonstrations, documents and interactive simulations, wherever required.* |
| (c) | *Quadrant -III* | *i.e. Web Resources, that shall contain - Related Links, Open Content on Internet, Case Studies, Historical development of the subject, Articles.* |
| (d) | *Quadrant -IV* | *i.e. Self-Assessment, that shall contain – MCQ, Problems, Quizzes, Assignments and solutions, Discussion forum topics and setting up the FAQ, Clarifications on general misconceptions.* |